1 മാർച്ച് 2019

വില 25 രൂപ

# വിജ്ഞാനകൈരളി

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പ്രസിദ്ധീകരണം

## സത്യാന്വേഷകന്റെ ആത്മായനങ്ങൾ



## ഗഹന പരിസ്ഥിതിവാദം മലയാള ചെറുകഥയിൽ

## ഖുർ ആൻ വിവർത്തനത്തിന് ഒരു മാതൃക

ISSN 2349-1051

9 772349 105005

## ലാവണ്യാനുഭവം രാമചരിതത്തിൽ

# രാമചരിതവും വൃത്താധിഷ്ഠിത പാഠവും

ഡോ. ആർ ഹരിശ്ചന്ദ്രൻ

പ്രാചീനകാലം മുതലേ കാവ്യങ്ങളുടെ അവിഭാജ്യഘടകമായിരുന്ന വൃത്തം.അക്ഷരങ്ങൾ ചൊല്ലുമ്പോഴുണ്ടാകുന്ന ഈണത്തെ ആധാരമാക്കിയുള്ള വൈദികവൃത്തങ്ങൾ, അക്ഷരങ്ങളുടെ ഹ്രസ്വദീർഘങ്ങളെ ആധാരമാക്കിയുള്ള ഗണവൃത്തങ്ങൾ, മാത്രകളുടെ എണ്ണത്തെ ആധാരമാക്കിയുള്ള മാത്രാവൃത്തങ്ങൾ എന്നിവയാണ് സംസ്കൃതത്തിലുണ്ടായിരുന്ന വൃത്തങ്ങൾ. അക്ഷരങ്ങളുടെ ഗുരുലഘുസ്വഭാവവും അവയുടെ എണ്ണവുമാണ് സംസ്കൃതവൃത്തങ്ങളുടെ അടിസ്ഥാനനിയാമകം. തമിഴ് വൃത്തങ്ങളിൽ അക്ഷരങ്ങളുടെ ഹ്രസ്വദീർഘങ്ങളും അവയുടെ എണ്ണവും അടിസ്ഥാനമാക്കി രൂപപ്പെടുന്ന അശകളാണ് പ്രധാനനിയാമകം. ഭാഷാവൃത്തുങ്ങളിൽ അക്ഷരത്തിന്റെ മാത്രയുടെ എണ്ണവും അക്ഷരങ്ങളുടെ എണ്ണവുമാണ് പ്രധാന പങ്കുവഹിക്കുന്നത്. അക്ഷരങ്ങളുടെ ഹ്രസ്വദീർഘസ്വഭാവത്തിലും അവ ഉച്ചരിക്കാൻ എടുക്കുന്ന മാത്രയുടെ സ്വഭാവത്തിലും അവയുടെ എണ്ണത്തിലും പാലിക്കുന്ന കൃത്യതയാണ് ഭാഷാവൃത്തങ്ങളുടെ പൊതുസ്വഭാവം. ഇങ്ങനെ നോക്കുമ്പോൾ അക്ഷരങ്ങളുടെ എണ്ണത്തിലും അവയുടെ ഹ്രസ്വദീർഘസ്വഭാവത്തിലും അവ ചൊല്ലാനെടുക്കുന്ന മാത്രയുടെ അല്ലെങ്കിൽ താളത്തിന്റെ കാര്യത്തിലും പാലിക്കുന്ന കൃത്യമായ കണക്കാണ് വൃത്തം. കാവ്യരചനയിൽ തന്മൂലം വൃത്തം തെറ്റുക തികച്ചും അസംഭാവ്യമാണ്. അതായത് വസന്തതിലകത്തിലോ കാകളിയിലോ എഴുതുന്ന ഒരു പദ്യം എത്ര പകർത്തിയെഴുതിയാലോ കാലം ഒത്തിരി കഴിഞ്ഞാലോ ആ വൃത്തങ്ങളിൽനിന്നു മാറുകയില്ല. ഈയൊരു പരിപ്രേക്ഷ്യത്തിലാണ് വൃത്താധിഷ്ഠിത പാഠം പ്രത്യേകിച്ച് പ്രാചീനകാലകൃതികളെ സംബന്ധിച്ച് പ്രസക്തമാകുന്നത്.

പ്രാചീനകാലകൃതികൾ എല്ലാംതന്നെ താളിയോലകളിൽ എഴുതിയതും അതിന്റെ പകർത്തെഴുത്തിലൂടെ പ്രചരിച്ചതുമാണ്. പകർത്തെഴുത്തിലൂടെ പ്രചരിച്ച കൃതികൾ പഠിക്കുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു കൃതിയുടെ ഓരോ താളിയോലപകർപ്പും ഒരു സ്വതന്ത്രപകർപ്പാണ്. പകർത്തെഴുത്തുകാരന്റെ അജ്ഞതകൊണ്ടോ മറവികൊണ്ടോ അതുമല്ലെങ്കിൽ ബോധപൂർവം തിരുത്തുന്നതുകൊണ്ടോ ഓരോ പകർത്തെഴുത്തിലും പല കൂട്ടിച്ചേർക്കലും വ്യതിയാനങ്ങളും വരാം. അതുകൊണ്ടാണ് ഒരു കൃതിയുടെ തന്നെ പകർപ്പുകൾ പലരീതിയിൽ വരുന്നതായി കാണുന്നത്. ഒരു കൃതിയുടെ ലഭ്യമാകുന്നിടത്തോളം താളിയോലപതിപ്പുകൾ പരിശോധിച്ച് അവയിൽ നിന്നു കണ്ടെത്തുന്ന ശുദ്ധപാഠം പോലും മൂലകൃതിയോടു പൂർണമായും കൂറു പുലർത്തണമെന്നില്ല. പകർത്തുന്ന വ്യക്തിയുടേയും പകർത്തുന്ന കാലഘട്ടത്തിന്റേയും ഇഷ്ടാനിഷ്ടങ്ങൾ അൽപ്പാൽപ്പമായിട്ടെങ്കിലും ഓരോ പകർത്തെഴുത്തിലും വന്നുകൂടാം. വായനക്കാരനു കൂട്ടിചേർത്ത് പൊലിപ്പിച്ചെടുക്കാവുന്ന ബ്ലോഗ് സാഹിത്യം പോലെ പകർത്തിയെഴുതുന്നവർക്ക് അവരുടെ യുക്തിക്കു നിരക്കുന്ന രീതിയിൽ പൊലിപ്പിച്ചെടുത്താണ് ഓരോ പകർപ്പും പൂർത്തിയാക്കുന്നത്. ഇങ്ങനെ മനപ്പൂർവമോ അല്ലാതെയോ ഓരോ പകർത്തലിലും പാഠം മാറുമ്പോഴും മാറാതെ നിൽക്കുന്നത് അതിലെ വൃത്തമാണ്. വൃത്തത്തിന്റെ നിയതപ്പെടുത്തലിലൂടെയാണ് കൃതി ഉണ്ടാകുന്നതു തന്നെ. തന്മൂലം വൃത്തഭംഗം വരാത്ത പാഠമാണ് ശുദ്ധപാഠമായി കണക്കാക്കേണ്ടത്. ഒരു കൃതിയുടെ സംശോധിത സംസ്കരണത്തിനു തുനിയുമ്പോൾ ആ കൃതിയുടെ വരികൾ ഏതു വൃത്തത്തിലാണ് എഴുതിയിരിക്കുന്നതെന്നു പഠിക്കുകയും ലഭ്യമായ പകർപ്പുകളിൽ വൃത്തഭംഗം വരാത്ത പാഠങ്ങളിൽ നിന്നു ശുദ്ധപാഠം കണ്ടെത്തുകയുമാണ് വേണ്ടത്.

വൃത്തപഠനത്തിന്റെ പശ്ചാത്തലത്തിൽ സംശോധിത സംസ്കരണത്തിനു വിധേയമാക്കേണ്ട ഒരു പ്രധാന കൃതിയാണ് രാമചരിതം. പന്ത്രണ്ടാം നൂറ്റാണ്ടിൽ ഉണ്ടായി എന്നു കരുതുന്ന ഈ കൃതി - രാമചരിതത്തിന്റെ പ്രാധാന്യം പണ്ഡിതശ്രദ്ധയിൽ ആദ്യമായി കൊണ്ടുവന്നത് 1910 ൽ ഹെർമൻ ഗുണ്ടർട്ടാണ്- അത് പ്രസിദ്ധീകരിക്കുന്നതുവരെ പ്രചരിച്ചത് താളിയോല ലിഖിതം വഴിയാണ്. ഏതാണ്ട് ഏഴുനൂറ്റാണ്ടു കാലത്തോളം കേരളത്തിലാകമാനം താളിയോലപകർപ്പിലൂടെ പ്രചരിച്ച

രാമചരിതം പലവിധ സംസ്കരണത്തിനും വിധേയമായിട്ടുണ്ട്. രാമചരിതത്തിന്റെ വ്യത്യസ്തസ്വഭാവത്തിലുള്ള താളിയോല പകർപ്പുകൾ ലഭിച്ചതുകൂടി ഇവിടെ ഓർമിക്കണം.

മണിപ്രവാളത്തിനു സമാന്തരമായി രൂപപ്പെട്ട പാട്ട് പ്രസ്ഥാനത്തിലെ പ്രഥമവും പ്രധാനവുമായ കൃതിയാണ് രാമചരിതം. 164 അധ്യായങ്ങളിലായി 1814 പാട്ടുകളുള്ള ഒരു ബൃഹത് കൃതിയാണ് ഇത്. രാമചരിതം പഠിച്ചതും പ്രസിദ്ധീകരിച്ചതും പാട്ടുപ്രസ്ഥാനത്തിൽപ്പെട്ട കൃതിയെന്ന നിലയ്ക്കാണ്. ലീലാതിലകത്തിൽ നിന്നും മനസ്സിലാക്കിയ പാട്ടിന്റെ സ്വഭാവം വച്ചു കൊണ്ടാണ് രാമചരിതത്തെ കൂടുതലായി നാം അറിഞ്ഞത്. ആ നിലയിലും രാമചരിതത്തിന്റെ പാഠനിർമിതിയിൽ അബദ്ധങ്ങൾ വന്നുകൂടിയിട്ടുണ്ട്.

'ദ്രമിദസംഘാതാക്ഷരനിബദ്ധമെതുകമോനവൃത്തവിശേഷയുക്തം പാട്ട്' എന്നാണ് ലക്ഷണം. തമിഴക്ഷരമാലമാത്രം ഉപയോഗിച്ചെഴുതുന്നതും യെതുക മോന എന്നീ പ്രാസങ്ങളോടു കൂടിയതും സംസ്കൃതവൃത്തത്തിൽ നിന്നു ഭിന്നമായ വൃത്തത്തിൽ എഴുതുന്നതുമായ സാഹിത്യമാണ് പാട്ട്. ഇതിൽ ദ്രമിഡസംഘാതാക്ഷരവും യതുകയും മോനയും അഭിപ്രായവ്യത്യാസമില്ലാത്തവിധം എന്താണെന്നു വ്യക്തമാണ്. എന്നാൽ പാട്ടിലെ വൃത്തത്തെക്കുറിച്ച് ലീലാതിലകത്തിലെ പരാമർശങ്ങളിൽ നിന്നു വ്യക്തമായ ഒരു ധാരണയും ലഭിക്കുന്നില്ല. വിലക്ഷണഛന്ദസ് എന്നു മാത്രം വ്യക്തമാക്കുന്ന പാട്ടിലെ വൃത്തത്തെക്കുറിച്ച് കൃത്യമായ അവബോധം ലഭിക്കാഞ്ഞതിനാൽ രാമചരിതപഠിതാക്കൾ വൃത്തപരിചിന്ത കൂടാതെയാണ് ശുദ്ധപാഠനിർമിതിക്കും പ്രസിദ്ധീകരണത്തിനും തുനിഞ്ഞത്. പാണ്ഡ്യഭാഷാ സാരൂപ്യം ബാഹുല്യേന പാട്ടിൽ എന്ന ലീലാതിലകപരാമർശം വച്ചുകൊണ്ട് വേണ്ടിടത്തും വേണ്ടാത്തിടത്തും പാണ്ഡ്യഭാഷാസാരൂപ്യം വരുത്തുവാൻ ശ്രമിച്ചു. അത്തരത്തിൽ പകർത്തിയെഴുതിയ താളിയോലകൾ കണ്ടിട്ട് രാമചരിതം തമിഴ് കൃതിയാണെന്നു സംശയിക്കുകപോലും ചെയ്തു. എഴുനൂറോളം വർഷം താളിയോലപകർപ്പിലൂടെ പ്രചരിച്ച കൃതിയിൽ ഇപ്പറഞ്ഞ പലവിധ സ്ഖലിതങ്ങൾ വന്നുകൂടാനും ഇടയുണ്ട്. ഇങ്ങനെ പല പരിവർത്തനങ്ങൾക്കു വിധേയമാകാൻ സാധ്യതയുള്ള രാമചരിത്ത്തിൽ അതുണ്ടായകാലം മുതൽ മാറ്റം കൂടാതെ നിലനിൽക്കുന്നത് അതിലെ വൃത്തം മാത്രമാണ്. വൃത്തം പരിവർത്തനത്തിനു വിധേയമാകില്ല എന്നതു തന്നെയാണ് അതിനു കാരണം. രാമചരിതത്തിൽ ഉപയോഗിച്ച വൃത്തങ്ങളുടെ കൃത്യത അനുസരിച്ചുമാത്രമേ രാമചരിതത്തിന്റെ ശുദ്ധപാഠം കണ്ടെത്താൻ കഴിയൂ.

വൃത്തത്തിൽ എഴുതപ്പെട്ട കൃതികൾ വായിക്കേണ്ടത് വൃത്തത്തിന്റെ അടിസ്ഥാനത്തിലാണ്. താളിയോലയിൽ എഴുതപ്പെട്ട കൃതികൾ പുസ്തകം വായിക്കുന്നതുപോലെ വായിക്കാൻ വേണ്ടിയല്ല എഴുതുന്നത്. മറിച്ച് എഴുതി സൂക്ഷിക്കാൻ വേണ്ടിയാണ്. കുറച്ച് സ്ഥലത്ത് കൂടുതൽ എഴുതുക എന്ന രീതിയാണ് താളിയോലയിൽ അവലംബിക്കുന്നത്. വരിതിരിച്ചോ വൃത്തം വ്യക്തമാകുന്ന രീതിയിലോ അർഥവ്യക്തത വരുന്ന രീതിയിലോ അല്ല അവ കുറിച്ചുവയ്ക്കുന്നത്. ഒരു ഉദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. കേരള യൂണിവേഴ്സിറ്റി മാനുസ്ക്രിപ്റ്റ് ലൈബ്രറിയിൽ സൂക്ഷിച്ചിട്ടുള്ള എം.സി 618 എന്നു രേഖപ്പെടുത്തിയ രാമചരിതത്തിന്റെ താളിയോലപ്പതിപ്പിൽ ഒന്നാമത്തെ ഓലയിലെ പാട്ട് എങ്ങനെ എഴുതിയിരിക്കുന്നുവെന്നു നോക്കുക.

1) കാനനങ്ങളിലരൻ കളിറുമായ്ക്കരിണിയായ്ക്കാർനെടുങ്കണ്ണുമ
തമ്മിൽ വിളയാടി നടന്റ്റാനനം വടിവുള്ളാനവ

2) ടിവായവതരിത്താതിയേ നല്ല വിനായകനെന്മൊരമലനെ
ഞാനിതൊന്റു തുനിയിന്റിതിനെൻമാനതമെന്നുംനാളതാർ

3) തന്നിൽ നിർന്തരമിരുന്തരുൾതെളിന്തുനമറ്ററിവെനക്കു വന്നു
തിക്കും വണ്ണമേ ഊഴിയേഴിലും നി

4) റന്തമറഞാനപ്പൊരുളേ ഞാനമെങ്കൽ വിളയിച്ചിതെളിയ
ച്ചിനിയചൊൽനായികേ പര

5) വയിൽത്തിരകൾ നേരുടനടൻതേനലാവിന പതങ്കൾ വന്നു
തിങ്ങി നിയതംചേതയുൾത്തുടർന്റു തോന്റും വ

6) ണ്ണമിന്റുമുതലായ്ഊനമറ്റെഴും ഇരാമചരിതത്തിലൊരു
തെ ല്ലഴിയിൽ ച്ചെറിയവർക്കറിയുമാറുരചെയ്‌വാൻ
ഞാനടക്കി

7) നതിനേണനയനേ നടമിടെൻ നാവിലിച്ചയോടുവച്ചടിയിണക്ക
മലതാർതാരിണങ്കിനതഴക്കുഴൽ മലർത്തയ്യൽ

എന്നവരെയാണ് ഏഴുവരികളാണ് ആദ്യയോലയിലുള്ളത്. വൃത്തവും പ്രാസവും നോക്കിയാൽ മാത്രമേ ഈ പാട്ടിന്റെ ഓരോ വരിയും എവിടെ തുടങ്ങി എവിടെ അവസാനിച്ചുവെന്നു അറിയാൻ കഴിയുകയുള്ളൂ. ഈ പാട്ടിൽ ഏതുതരം വൃത്തമാണ് ഉപയോഗിച്ചിരിക്കുന്നതെന്നു മനസ്സിലാക്കി ആ വൃത്തത്തിന്റെ ഓരോ വരിയിലും എത്ര അക്ഷരം വരുന്നെന്നു കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ വരികൾ തിരിച്ചെഴുതുകയാണ് വേണ്ടത്. താളിയോലകളിൽ നിന്നു ഇങ്ങനെ കൃത്യമായി വരിതിരിച്ചെഴുതുന്നതിന് വൃത്തം മാത്രമാണ് ആധാരം. ഓരോ വരിയിലും 15 അക്ഷരം കൃത്യമായി വരുന്ന ആറു നാന്മാത്രാഗണങ്ങളോടുകൂടിയ മലയാളികൾക്കു ഏറെ സുപരിചിതമായ രാമരാമ എന്നുതുടങ്ങുന്ന സന്ധ്യാനാമത്തിലും മറ്റും കാണുന്ന ഒരു വൃത്തമാണിതെന്നു മനസ്സിലാക്കിയാൽ പിന്നെ വരിതിരിച്ച് ചൊല്ലുവാനും എഴുതുവാനും പ്രയാസമുണ്ടാകുന്നില്ല. ഓരോ വരിയിലും 15 അക്ഷരമാണുള്ളതെന്നു അറിയുവാൻ അതിലെ യതുകയും മോനയും സഹായിക്കുകയും ചെയ്യുന്നു. അതനുസരിച്ച്

'കാനനങ്ങളിലരൻ കളിറുമായ്ക്കരിണിയായ്
കാർനെടുങ്കണ്ണുമ തമ്മിൽ വിളയാടി നടന്റ്
ന്റാനനം വടിവുള്ളാനവടിവായവതരി
ത്താതിയേ നല്ല വിനായകനെന്മൊരമലനെ
ഞാനിതൊന്റു തുനിയിന്റിതിനെൻമാനതമെന്നും

**പ്രാചീനകാലകൃതികൾ എല്ലാംതന്നെ താളിയോലകളിൽ എഴുതിയതും അതിന്റെ പകർത്തെഴുത്തിലൂടെ പ്രചരിച്ചതുമാണ്. പകർത്തെഴുത്തിലൂടെ പ്രചരിച്ച കൃതികൾ പഠിക്കുമ്പോൾ ഏറെ ശ്രദ്ധിക്കേണ്ടതുണ്ട്. ഒരു കൃതിയുടെ ഓരോ താളിയോല പകർപ്പും ഒരു സ്വതന്ത്രപകർപ്പാണ്. പകർത്തെഴുത്തുകാരന്റെ അജ്ഞതകൊണ്ടോ മറവികൊണ്ടോ അതുമല്ലെങ്കിൽ ബോധപൂർവം തിരുത്തുന്നതുകൊണ്ടോ ഓരോ പകർത്തെഴുത്തിലും പല കൂട്ടിച്ചേർക്കലും വ്യതിയാനങ്ങളും വരാം.**

നാളതാർതന്നിൽ നിരന്തരമിരുന്തരുൾതെളി
ന്തുനമറ്ററിവെനക്കു വന്നതിക്കും വണ്ണമേ
ഊഴിയേഴിലും നിറന്തമറഞ്ഞാനപ്പൊരുളേ'
എന്ന ഒന്നാമത്തെ പാട്ടായും

'ഞാനമെങ്കൾ എന്ന തുടങ്ങി ഏഴാമത്തെ വരിയിലെ അടിയിണക്കമലതാർ' എന്നവരെ രണ്ടാമത്തെ പാട്ടായും കൃത്യമായി വരിതിരിച്ചെഴുതാൻ കഴിയുകയും ചെയ്യും. എല്ലാവരിയുടേയും രണ്ടാമത്തെ അക്ഷരം നകാരമായതുവഴി യതുകയും ഓരോ വരിയുടേയും സമാർദ്ധങ്ങൾ സമാനാക്ഷരം കൊണ്ടു തുടങ്ങിയിരിക്കുന്നതിനാൽ മോനയും വന്നിരിക്കുന്നു. വൃത്തത്തിന്റെ ഗണനിർണയനത്തിൽ പ്രാസത്തിന് നിർണായക പങ്കുണ്ടെന്ന തെളിയിക്കുന്നതാണ് ആ പാട്ടിൽ ഉപയോഗിച്ചിരിക്കുന്ന ഛേകാനുപ്രാസം. 15 അക്ഷരം ഓരോ വരിയിലും വരുന്ന ആ വൃത്തത്തിന്റെ ചൊൽവടിവ് കൃത്യമായി മനസ്സിലാക്കാൻ മിക്ക വരികളിലും വരുന്ന കൂട്ടക്ഷരത്തിന്റെ ആവർത്തനം സഹായിക്കുകയും ചെയ്യുന്നു.

**വിലക്ഷണഛന്ദസ് എന്നു മാത്രം വ്യക്തമാക്കുന്ന പാട്ടിലെ വൃത്തത്തെക്കുറിച്ച് കൃത്യമായ അവബോധം ലഭിക്കാഞ്ഞതിനാൽ രാമചരിത പഠിതാക്കൾ വൃത്തപരിചിന്ത കൂടാതെയാണ് ശുദ്ധപാഠനിർമിതിക്കും പ്രസിദ്ധീകരണത്തിനും തുനിഞ്ഞത്. പാണ്ഡ്യഭാഷാ സാരൂപ്യം ബാഹുല്യേന പാട്ടിൽ എന്ന ലീലാതിലക പരാമർശം വച്ചുകൊണ്ട് വേണ്ടിടത്തും വേണ്ടാത്തിടത്തും പാണ്ഡ്യഭാഷാസാരൂപ്യം വരുത്തുവാൻ ശ്രമിച്ചു.**

കാനനങ്ക ളീലരങ്ക ളിറുമായ്യ രീണിയായ്
ഉണയെനക്കി തിനമിക്ക വാരുമുൾക്ക നമേറെ
നാവിലിച്ച യോട്ടുവച്ചടിയിണക്ക മലതാർ തുടങ്ങിയ ഉദാഹരണങ്ങൾ നോക്കുക.

ഒരു പാട്ട് എവിടെ അവസാനിച്ചുവെന്നും അടുത്ത പാട്ട് എവിടെ തുടങ്ങിയെന്നും മനസ്സിലാക്കുന്നതിനും വൃത്തപ്രാസങ്ങളാണ് മുഖ്യമായും സഹായിക്കുന്നത്. ഒരു പാട്ട് അവസാനിക്കുന്ന പദംകൊണ്ട് അടുത്ത പാട്ട് തുടങ്ങുന്ന അന്താദിപ്രാസമാണ് ഇതിൽ പ്രധാനം. ഞാനപ്പൊരുളേ എന്ന പദത്തിൽ അവസാനിച്ച ഒന്നാം പാട്ടും ഞാനമെങ്കൾ എന്ന പദത്തിൽ തുടങ്ങുന്ന രണ്ടാം പാട്ടും ഇവിടെ ഓർമിക്കുക.

രാമചരിതം ശരാശരി പതിനൊന്നു പാട്ടുകൾ വീതമുള്ള ഓരോ പടലങ്ങളായാണ് എഴുതിയിരിക്കുന്നത്. വൃത്തവ്യതിയാനമാണ് പടലങ്ങൾ തിരിയുന്നതിനാധാരം. താളിയോലകളിൽ എഴുതുമ്പോൾ വൃത്തം മാറിയെന്നോ ഒരു പടലം തീർന്നെന്നോ ഉള്ള കൃത്യമായ സൂചനകൾ തരുന്നില്ല. ഒരു വൃത്തരീതിയിൽ നിന്നു മറ്റൊരു വൃത്തരീതിയിലേയ്ക്കു മാറിയെന്നു മനസ്സിലാക്കിയാൽ മാത്രമേ പടലങ്ങൾ തിരിച്ചു ശുദ്ധപാഠം നിർമിക്കാൻ കഴിയുകയുള്ളൂ. മുമ്പ് സൂചിപ്പിച്ച രാമചരിതത്തിന്റെ താളിയോലയിൽ മൂന്നാമത്തെ ഓലയുടെ മൂന്നാമത്തെ വരിയുടെ മധ്യത്തിൽ വച്ചാണ് മൈതിലി തന്നുടെ ചരിതമെല്ലാം എന്നു തുടങ്ങുന്ന രണ്ടാം പടലം ആരംഭിക്കുന്നത്. ഇങ്ങനെ വൃത്തവ്യതിയാനം കൊണ്ടു അധ്യായങ്ങളോ പടലങ്ങളോ തിരിയുന്ന കൃതികളിൽ ശുദ്ധപാഠനിർമിതിക്കു വൃത്തപഠനം അനിവാര്യമാണെന്ന് വ്യക്തമാണല്ലോ.

രാമചരിതത്തിന്റെ പ്രസിദ്ധീകരണത്തിനു മുതിർന്ന ഇളംകുളമോ പി.വി. കൃഷ്ണൻ നായരോ വൃത്തത്തെക്കൂടി പരിഗണിച്ചല്ല രാമചരിതപാഠം തയാറാക്കിയത്. ഓരോ വരിയിലേയും അക്ഷരങ്ങൾ നിശ്ചയിക്കുന്നതിൽ അവർ വേണ്ടത്ര ശ്രദ്ധിച്ചിട്ടില്ല. ഒരു ഉദാഹരണം നോക്കുക. ഒന്നാം പടലത്തിലെ അഞ്ചാംപാട്ടിലെ ഒരു വരി

'ട്ടഴിവുപെട്ട മലർവല്ലിയെയനങ്കനെ'- എന്നു14 അക്ഷരത്തിൽ ഇളംകുളവും 'ട്ടഴിവു പെട്ട മലർവല്ലിയെയനങ്കനെയ്'- എന്നു 15 അക്ഷരത്തിൽ പി.വി. കൃഷ്ണൻ നായരും രേഖപ്പെടുത്തുന്നു. അടുത്തവരി ഇളംകുളത്തിനു 18അക്ഷരത്തിലും പി.വി.കൃഷ്ണൻനായർക്ക് 17 അക്ഷരത്തിലുമാണ് വിന്യസിച്ചിരിക്കുന്നത്. വൃത്തമനുസരിച്ചെഴുതിയിരുന്നെങ്കിൽ ഓരോ വരിയും 16 അക്ഷരത്തിൽ തന്നെ വരുമായിരുന്നു. വൃത്തം പരിഗണിക്കാഞ്ഞതിനാൽ വന്ന ചിലതെറ്റായ പാഠങ്ങൾ നോക്കുക. നാലാം പടലത്തിലെ വൃത്തം 6/5/5/2 എന്ന അക്ഷരക്രമം പാലിക്കുന്ന 18 അക്ഷരം ഒരു വരിയിൽ വരുന്ന ഓരോ ഗണത്തിലും എട്ടുമാത്ര വരുന്ന നാലുഗണം ചേർന്ന വൃത്തമാണ്. നാലാം പടലത്തിലെ ഒമ്പതാം പാട്ടിന്റെ അവസാനത്തെവരിയിൽ നിലപിഴയാതെന്റവരോടിരാവണനേകിനാനേ എന്നു 17അക്ഷരമാണ് ഇളംകുളത്തിന്റെ പാഠത്തിലുള്ളത്. വൃത്തം തെറ്റിയതുകൊണ്ടു പാഠം തെറ്റിയെന്നു മനസ്സിലാക്കി നിലപിഴയാതു കെന്റവരോടു എന്നോ നിലപിഴയാതെ യെന്റവരോടു എന്നോ രണ്ടുപാഠങ്ങളിൽ ഒന്നു സ്വീകരിച്ചു ആ തെറ്റു തിരുത്താൻ വൃത്തം കൂടി പരിഗണിച്ചെങ്കിൽ അദ്ദേഹത്തിന് സാധിക്കുമായിരുന്നു.

രാമചരിതത്തിലെ നൂറ്റിപതിനേഴാം പടലം ഇത്തരുണത്തിൽ ഏറെ ശ്രദ്ധ അർഹിക്കുന്നു. പത്തുപാട്ടുകളാണ് ആ പടലത്തിലുള്ളത്. ഓരോ വരിയിലും കൃത്യമായ അക്ഷരവ്യവസ്ഥയില്ലെന്നു തോന്നുംമട്ടിലാണ് പി.വി. കൃഷ്ണൻ നായർ വരിതിരിച്ചെഴുതിയിരിക്കുന്നത്. എട്ടുവരിയായിട്ടെഴുതിയിട്ടുള്ള ഒന്നാമത്തെ പാട്ടിൽ 20,22, 18,21,20,19,18,19 എന്നിങ്ങനെ അക്ഷരങ്ങളും രണ്ടാമത്തെ പാട്ടിൽ 21,18,20,20,19,20,13,25 എന്നിങ്ങനെ അക്ഷരവും വരുന്നു. ഇതേ രീതിയിലുള്ള അവ്യവസ്ഥയാണ് ബാക്കിയുള്ള എട്ടുപടലങ്ങളിലും കാണുന്നത്. ഈയൊരു രീതിയിൽ നോക്കിയാൽ ആ പാട്ടുകൾക്ക് കൃത്യമായ ഒരു വൃത്തമുണ്ടെന്നോ കൃത്യമായ രീതിയിൽ ചൊല്ലാൻ കഴിയുമെന്നോ തോന്നുകയില്ല. ഒന്നാമത്തെ വരി മല്ലികപോലെ പതിനെട്ടക്ഷരവും രണ്ടാമത്തെ വരി കുസുമമഞ്ജരിപോലെ ഇരുപത്തിയൊന്നക്ഷരവും കൃത്യമായി വരുന്ന ഒരു ദ്രാവിഡശീലിലാണ് അതെഴുതിയിരിക്കുന്നതെന്നു മനസ്സിലാക്കി ആ പടലത്തിലെ എല്ലാ പാട്ടുകളും ഒന്നാം വരിയിൽ പതിനെട്ടക്ഷരവും രണ്ടാമത്തെ വരിയിൽ ഇരുപത്തിയൊന്നക്ഷരവും കൃത്യമായി പാലിച്ചുകൊണ്ടു ഈരടികളായി വേർതിരിച്ചെഴുതുകയായിരുന്നു വേണ്ടത്. അങ്ങനെയെങ്കിൽ ഒരു ഭാഷാകാവ്യത്തിന്റെ സ്വഭാവം ആ പാട്ടുകൾക്കു ലഭിക്കുകയും ചെയ്യുമായിരുന്നു. ഓരോ വരിയിലും കൃത്യമായി അക്ഷരക്രമം പാലിക്കുന്ന വൃത്തങ്ങളിലാണ് രാമചരിതം എഴുതിയിട്ടുള്ളത്. അതുകൊണ്ട് രാമചരിതത്തിന്റെ ശുദ്ധപാഠം കണ്ടെത്തുമ്പോൾ തീർച്ചയായും

അക്ഷരക്രമത്തിന്റെ കൃത്യതകൂടി കണക്കിലെടുക്കുകതന്നെ വേണം.

• രാമചരിതം ചൊല്ലുമ്പോൾ തമിഴ്‌വ്യാകരണനിയമങ്ങൾ അനുസരിക്കുന്നിടത്തൊക്കെ വൃത്തഭംഗം വരുന്നതായി കാണാം. തമിഴ്നിയമം മാറ്റി ഇന്നത്തെ മലയാളരൂപത്തിൽ ആ സന്ദർഭം മാറ്റുകയാണെങ്കിൽ വൃത്തഭംഗം ഉണ്ടാകുന്നതുമില്ല. പാട്ടായി ചൊല്ലി രൂപപ്പെട്ട രാമചരിതത്തിൽ വൃത്തഭംഗം ഉണ്ടാവുക അസംഭാവ്യമാണ്. ഇന്നു കിട്ടുന്ന ലിഖിതരൂപത്തിൽ തമിഴ് വ്യാകരണനിയമം പാലിച്ചുകാണുന്നെങ്കിലും ഉണ്ടായകാലത്തു അങ്ങനെ സംഭവിച്ചിട്ടുണ്ടാവില്ല എന്നാണ് വൃത്തപഠനത്തിന്റെ പശ്ചാത്തലത്തിൽ വിലയിരുത്തുമ്പോൾ മനസ്സിലാകുന്നത്. പിൽക്കാലത്തു പകർത്തിയെഴുതിയവർ ബോധപൂർവം പാണ്ഡ്യ ഭാഷാ സാരൂപ്യം പാട്ടിൽ വരുത്താൻ ശ്രമിച്ചപ്പോഴാണ് വൃത്തഭംഗം വന്ന അത്തരം പാഠങ്ങൾ ഉണ്ടായതെന്നു കരുതണം. ഒരു ഉദാഹരണം നോക്കുക.'പതത്തളിരിൽ വീണ്ണപതറിക്കല ഞ്ഞുചാല' (മൂന്നാം വൃത്തം. രണ്ടാം പാട്ട്)എന്ന വരിയിലെ തമിഴ്‌രീതി മാറ്റി പതതളിരിൽ/ വീണപത/റിക്കലഞ്ഞു/ ചാല എന്ന മലയാളരീതി ആയാൽ വൃത്തഭംഗം വരുന്നതുമില്ല. തമിഴ്‌വ്യാകരണരീതി അവലംബിക്കുമ്പോൾ വൃത്തഭംഗം വരുന്ന സന്ദർഭങ്ങൾ മലയാളവ്യാകരണരീതിയിൽ വൃത്തഭംഗം വരാതിരിക്കുന്നെങ്കിൽ ആ പാഠമാണ് ശരിയായതെന്നു മനസ്സിലാക്കണം.

രാമചരിതത്തിലെ ലിഖിതപാഠത്തിൽ സ്വരസംവരണം വരാത്ത ധാരാളം ഐകാരാന്തപദങ്ങൾ ചേർത്തിരിക്കുന്നതായിക്കാണാം. വൃത്തസ്വഭാവം ആസ്പദമാക്കി പരിശോധിച്ചാൽ തമിഴ് രീതിയിലുള്ള ഐകാരാന്തപദങ്ങൾ രാമചരിതത്തിൽ ഉണ്ടാവില്ലെന്നു വ്യക്തമാകും. എഴുത്തിലും ഉച്ചാരണത്തിലും ഐകാരത്തിനു രണ്ടുമാത്രയാണുള്ളത്. രാമചരിതത്തിൽ തമിഴ് രീതി അനുസരിച്ച് ഐകാരാന്തപദങ്ങളായി ഉപയോഗിച്ചിട ത്തെല്ലാം അവ ഏകമാത്രകമായി ചൊല്ലിയാൽ മാത്രമേ വൃത്തഭംഗം വരാതിരിക്കുകയുള്ളൂ. എന്നാൽ മൈതിലി, കൈതവം എന്നിങ്ങനെയുള്ള പദങ്ങളിൽ ചൊല്ലലിൽ ഐകാരത്തിനു രണ്ടുമാത്ര തന്നെ ആവശ്യമായിവരുന്നു. രാമചരിതത്തിലെ ഐകാരാന്ത പദങ്ങൾ ഐകാരാന്തമായി ചൊല്ലുമ്പോഴൊക്കെ വൃത്തഭംഗം അനുഭവപ്പെടുന്നു. അവ അകാരാന്തമായി ചൊല്ലിയാൽ അതുണ്ടാവുന്നില്ല. സ്വരസംവരണം വന്ന മലയാളപദങ്ങളെ തമിഴീകരിക്കാൻ വേണ്ടി പകർത്തിയെഴുതിയവർ ഐകാരാന്തപദങ്ങളാക്കി മാറ്റിയെഴുതിയതുകൊണ്ടാവാം ഇങ്ങനെ വന്നത്. വൃത്തപഠനത്തിന്റെ പശ്ചാത്തലത്തിൽ നോക്കിയാൽ രാമചരിതത്തിൽ ഐകാരാന്തപദങ്ങൾ വരാനിടയില്ലെന്നു കാണാം. ഐകാരാന്തപദങ്ങൾ വരുന്ന ഏതു പാട്ടും ഉദാഹരണമായി എടുത്തു പരിശോധിച്ചാലും ഇക്കാര്യം വ്യക്തമാകും. പി.വി. പുരുഷോത്തമൻ നായരുടെ രാമചരിതത്തിന്റെ സംശോധിതസംസ്കരണപാഠത്തിൽ ഒരിടത്തും ഐകാരാന്തപദങ്ങൾ ഉപയോഗിച്ചിട്ടില്ല എന്നതും നാം അറിയണം.

ദ്രമിഡസംഘാതാക്ഷരത്തിൽ പാണ്ഡ്യഭാഷാബാഹുല്യത്തോടെ എഴുതപ്പെട്ട എന്നു കരുതുന്ന രാമചരിതം തനി മലയാളകൃതിയാണെന്നു അറിയണമെങ്കിൽ ഓരോ പാട്ടിലെയും വൃത്തമെന്തെന്നു മനസ്സിലാക്കി ആ വൃത്തത്തിന്റെ താളവടിവിൽ ചൊല്ലിനോക്കണം. ശുദ്ധമലയാളത്തിൽ എഴുതപ്പെട്ട കൃഷ്ണഗാഥയിൽ നിന്നു ഒരു നൂറു വർഷത്തെ പഴക്കമേ രാമചരിതത്തിനുള്ളൂ. മാത്രമല്ല തമിഴിൽ നിന്നു വ്യത്യസ്തമായ കേരളഭാഷ മണിപ്രവാളകാലഘട്ടത്തിൽ തന്നെ രൂപപ്പെട്ടിരുന്നെന്നും നാം അറിയണം. ആറു നയങ്ങളിൽ പറയുന്ന അനുനാസികാതിപ്രസരവും താലവ്യാദേശവും സ്വരസംവരണവും വരാത്ത രൂപങ്ങൾ രാമചരിതകാലത്തെ എഴുത്തിലുണ്ടായിരുന്നിരിക്കാം. എന്നാൽ രാമചരിതത്തിൽ ഉപയോഗിച്ചിട്ടുള്ള വൃത്തത്തിന്റെ താളവടിവിൽ അത് ചൊല്ലിനോക്കിയാൽ അത്തരം രൂപങ്ങൾ അതിലുള്ളതായി തോന്നുകയില്ല. അതിലെ ഭാഷ മലയാളമായേ അനുഭവപ്പെടുകയുള്ളൂ. അതിനാൽ വൃത്തത്തെ ആധാരമാക്കി ചൊൽ വടിവിനിണങ്ങുന്ന ശുദ്ധപാഠമാണ് രാമചരിതത്തിനുണ്ടാകേണ്ടത്.

രാമചരിതത്തിന്റെ സംശോധിതസംസ്കരണം നിർവഹിച്ച എം. എം പുരുഷോത്തമൻ നായർ തമിഴ്‌രീതിയിലുള്ള പ്രയോഗങ്ങൾ പൂർണമായും ഉപേക്ഷിച്ചുകൊണ്ടാണ് രാമചരിതത്തിന്റെ ശുദ്ധരൂപം കണ്ടെത്തിയത്. എന്നാൽ രാമചരിതം തമിഴ് വൃത്തരീതിയിൽ എഴുതിയ കൃതിയാണെന്ന് കരുതിയതിനാൽ വൃത്തപഠനത്തിന്റെ സാധ്യത അദ്ദേഹം വേണ്ടത്ര ഉപയോഗിച്ചില്ല. രാമചരിതം പൂർണരൂപത്തിൽ പ്രസിദ്ധീകരിച്ച പി.വി കൃഷ്ണൻനായരും ഇളംകുളവും രാമചരിതവൃത്തങ്ങൾ തമിഴ് വൃത്തങ്ങളാണെന്നാണ് മനസ്സിലാക്കിയത്. അതിനാൽ അവരും ശുദ്ധപാഠനിർമിതിയിൽ വൃത്തപഠനത്തിന്റെ സാധ്യത ഉപയോഗിച്ചതേയില്ല. നമ്മുടെ നാടൻ താളത്തിന്റേയും ഈണത്തിന്റേയും സ്പഷ്ടമായ ഉദാഹരണങ്ങളാണ് രാമചരിതത്തിലെ എല്ലാ വൃത്തങ്ങളും. ഒന്നാംപടലത്തിലെ വൃത്തം നോക്കുക. കേരളീയർക്കു ഏറെ സുപരിചിതമായ രാമരാമ രാമരാമ രാമരാമ പാഹിമാം എന്നു തുടങ്ങുന്ന സന്ധ്യാനാമത്തിന്റെ താളവും മട്ടുമാണ് അതിനുള്ളത്. ആധുനിക വൃത്തപഠിതാക്കൾ പര്യസ്തചാമരം എന്നു പേരിട്ട ആ വൃത്തത്തിനു ലക്ഷണം കൽപ്പിച്ചിരിക്കുന്നു. ഓരോ വരിയിലും പതിനഞ്ചക്ഷരം. വരിയുടെ ആദ്യം രണ്ടുലഘുവാണെങ്കിൽ പതിനാറു അക്ഷരം. 4(5)/4/4/3 എന്ന അക്ഷരഗണം. ആറുമാത്രയിലുള്ള നാലുഗണം. അതിൽ അന്ത്യഗണത്തിന് മൂന്നക്ഷരത്തിൽ ആറുമാത്രാദൈർഘ്യം (ഇതേ പാട്ട് അക്ഷരഗണത്തിനു വ്യത്യാസം വരുത്താതെ ഏഴു മാത്രാഗണവ്യവസ്ഥയിലും ചൊല്ലാം. മാത്രാഭേദം വരുത്തി ചൊല്ലലിൽ വ്യത്യാസമുണ്ടാക്കുന്നത് ഭാഷാവൃത്തങ്ങളുടെ സ്വഭാവമാണ്.). ഭാഷാവൃത്തങ്ങൾ ഈരടികളായതിനാൽ രാമചരിതവും നാലടിയായി എഴുതുന്ന രീതി മാറ്റി ഈരടികളായി എഴുതുകയും അതനുസരിച്ച് ചൊല്ലുകയുമാണ് വേണ്ടത്. ഒന്നാമത്തെ പാട്ട്,

**വൃത്തവും പ്രാസവും നോക്കിയാൽ മാത്രമേ ഈ പാട്ടിന്റെ ഓരോ വരിയും എവിടെ തുടങ്ങി എവിടെ അവസാനിച്ചുവെന്നു അറിയാൻ കഴിയുകയുള്ളൂ. ഈ പാട്ടിൽ ഏതുതരം വൃത്തമാണ് ഉപയോഗിച്ചിരിക്കുന്നതെന്നു മനസ്സിലാക്കി ആ വൃത്തത്തിന്റെ ഓരോ വരിയിലും എത്ര അക്ഷരം വരുന്നെന്നു കണ്ടെത്തി അതിന്റെ അടിസ്ഥാനത്തിൽ വരികൾ തിരിച്ചെഴുതുകയാണ് വേണ്ടത്.**

കാനനങ്കളിലരൻ കളിറുമാക്കുരിണിയായ്
കാർനെടുങ്കണ്ണമ തമ്മിൽ വിളയാടി നടന്ന
ന്നാനനം വടിവുള്ളാനവടിവായവതരി
ത്താതിയേ നല്ല വിനായകനെന്മൊരമലനെ
ഞാനിതൊന്നു തുനിയിന്നതിനെൻമാനതമെന്നും
നാളതാർതന്നിൽ നിരന്തരമിരുന്തരുൾതെളി
ഞ്ഞുനമറ്ററിവെനക്കു വന്നതിക്കും വണ്ണമേ
ഊഴിയേഴിലും നിറന്തമറഞ്ഞാനപ്പൊരുളേ. -എന്ന

രീതിയിലാണ് എഴുതേണ്ടത്. ഇങ്ങനെ ചെയ്യുകയാണെങ്കിൽ പാട്ടിന്റെ ലക്ഷണത്തിൽ പറയുന്ന മോന മലയാളത്തിലെ ആദ്യക്ഷരപ്രാസമാണെന്നും രാമചരിതത്തിലെ ഏതാണ്ട് മുഴുവൻ പാട്ടിലും ആദ്യക്ഷരപ്രാസം ഉപയോഗിച്ചിട്ടുണ്ടെന്നും വ്യക്തമാകും. ഓരോ പാട്ടിലും പൊതുവേ നാലു ഈരടികളാണുണ്ടാവുക. ഓരോ ഈരടിയുടേയും ആദ്യത്തെവരിയുടെ രണ്ടാമത്തെ അക്ഷരത്തിന്റെ സാമ്യമാണ് യതുക. അത് ദ്വിതീയാക്ഷരപ്രാസത്തിനു സമാനമാകുന്നതുമില്ല.

രാമചരിതത്തിലെ രണ്ടാംപടലത്തിലെ ആദ്യത്തെ പാട്ട് വടക്കൻ പാട്ടിലെ വൃത്തം തന്നെയാണ്. വടക്കൻപാട്ട് എഴുതും പോലെ വരി തിരിച്ചാണ് ആ പാട്ട് എഴുതേണ്ടത്.

മൈതിലി തന്നുടെ ചരിതമെല്ലാം
വാനരവീരനരുള്ളകേട്ടു
ചെയ്യുമ നന്ന നീയെന്നുണർത്തി
തേന്മൊഴിയാളെ നിനന്തിരുന്തു- എന്നിങ്ങനെ.

ആ പടലത്തിലെ തുടർന്നു വരുന്ന പാട്ടുകൾ ഏറെ സുപരിചിതമായ മാപ്പിളപാട്ടിന്റെ ഈണവും താളവും ഉൾക്കൊള്ളുന്നു.

'പുണ്യവാൻ ഇസകാക്കി
നണ്ടായി രണ്ടു മക്കൾ' എന്നമട്ടിൽ വരുന്ന ഭാഷാവൃത്തത്തിലാണ് അതെഴുതിയിരിക്കുന്നത്. തകിടതരികിട എന്ന മിശ്രനടയിലാണ് അത് ചൊല്ലേണ്ടത്. ഏഴുമാത്രയിലുള്ള നാലുഗണം ഓരോ വരിയിലും വരും. അതുകൊണ്ട്

അരചർകൾ കോനെ മേന്മേ
ലരും തുയിർ പിടിത്തീവണ്ണം
പുരികഴലാളെ നണ്ണി
പോക്കുവതൊല്ലാ കാലം -എന്നരീതിയിൽ വരിതിരിച്ച് എഴുതണം.

'നല്ലതു വരുത്തുക നമുക്കുനിലവയ്യ്' എന്ന അയ്യപ്പകീർത്തനത്തിൽ കാണുന്ന മട്ടിലുള്ള വൃത്തമാണ് മൂന്നാം പടലത്തിലെ പാട്ടിലുള്ളത്. ഓരോ വരിയിലും ആറുമാത്രയിലുള്ള നാലു ഗണം. ആദ്യഗണം നാലക്ഷരത്തിലോ അഞ്ചക്ഷരത്തിലോ വരുന്നു. ആദ്യക്ഷരം ഗുരുവാണെങ്കിൽ നാലക്ഷരം ഗുരുവിന്റെ സ്ഥാനത്ത് രണ്ടു ലഘുവാണെങ്കിൽ അഞ്ചക്ഷരം. തുടർന്ന് നാലക്ഷരത്തിൽ രണ്ടുഗണം. അന്ത്യഗണം രണ്ടക്ഷരത്തിൽ ആറുമാത്രാദൈർഘ്യം വരുന്ന ഈണഗണം. ഇപ്രകാരമാണ് ഈ വൃത്തത്തിലെ അക്ഷരഗണം. ˘˘˘˘ / ˘˘ / ˘˘ / / എന്ന ഗുരുലഘുവ്യവസ്ഥ. ലലലലലാ/ ലാലലലാ/ ലാലലലാ/ ലാലാ എന്ന വായ്ത്താരി. കൃത്യമായ അക്ഷരവ്യവസ്ഥ പാലിക്കുന്ന വൃത്തമായതിനാൽ ആ രീതിയിൽ വേണം മൂന്നാം പടലത്തിലെ പാട്ടുകൾ എഴുതേണ്ടത്. മൂന്നാം പടലത്തിലെ ആദ്യത്തെ പാട്ട് നോക്കുക.

'ഇരുന്ത വണ്ണമേ ഇരുൾ മറന്തതിടതുര
പരന്തകുടയും തഴയും വെൺചവരി മറ്റും
കരന്തമടവാർ തുതിചെയ്യെക്കനിവിൽ വന്താ
നിരുണ്ടമുകിൽ പോലെഴുമിരാവണനിതത്താൻ'

**രാമചരിതം ശരാശരി പതിനൊന്നു പാട്ടുകൾ വീതമുള്ള ഓരോ പടലങ്ങളായാണ് എഴുതിയിരിക്കുന്നത്. വൃത്തവ്യതിയാനമാണ് പടലങ്ങൾ തിരിയുന്നതിനാധാരം. താളിയോലകളിൽ എഴുതുമ്പോൾ വൃത്തം മാറിയെന്നോ ഒരു പടലം തീർന്നെന്നോ ഉള്ള കൃത്യമായ സൂചനകൾ തരുന്നില്ല. ഒരു വൃത്തരീതിയിൽ നിന്നു മറ്റൊരു വൃത്തരീതിയിലേയ്ക്ക് മാറിയെന്നു മനസ്സിലാക്കിയാൽ മാത്രമേ പടലങ്ങൾ തിരിച്ചു ശുദ്ധപാഠം നിർമിക്കാൻ കഴിയുകയുള്ളൂ.**

എട്ടു മാത്രയിലുള്ള നാലുഗണം ഓരോ വരിയിലും വരുന്ന ഒരു വൃത്തത്തിലാണ് നാലാം പടലത്തിലെ പാട്ടുകൾ എഴുതിയിരിക്കുന്നത്.

ലലലല ലാലാ/ ലാലല ലാലാ/ ലാലല ലാലാ /ലാലാ എന്നു വായ്ത്താരി അനുസരിച്ച് ഗുരുലഘുക്കൾ വരുന്നു. ഓരോ വരിയിലും 6/5/5/2 എന്ന അക്ഷരക്രമത്തിൽ പതിനെട്ടു അക്ഷരം കൃത്യമായും ഉണ്ടായിരിക്കും

vvv-- --/ -- v v -- --/ -- v v -- -- / -- --

എന്നു ഗുരുലഘുവ്യവസ്ഥ. അന്ത്യഗണം രണ്ടു അക്ഷരത്തിൽ എട്ടുമാത്രയുടെ ദൈർഘ്യം ചൊല്ലുമ്പോൾ ഉണ്ടാകും. ഇതേ വൃത്തത്തിൽ തന്നെ ഓരോ വരിയുടേയും ആദ്യക്ഷരം ഗുരുവാകുന്ന സന്ദർഭവും വരാറുണ്ട്. അത്തരം സന്ദർഭങ്ങളിൽ ആദ്യഗണത്തിന് അഞ്ച് അക്ഷരമേ ഉണ്ടാവുകയുള്ളൂ. 5/5/5/2 എന്ന ക്രമത്തിൽ പതിനേഴ അക്ഷരം. പൂർണമായും മാത്രാവ്യവസ്ഥയും അക്ഷരവ്യവസ്ഥയും യോജിക്കുന്ന ഈണമാണ് ഇതിനുള്ളത്.

പിരിയരുതാത നീയിങ്ങനെ പിതാവു വെടിഞ്ഞു നാട്ടും
പിഴകിയിരുന്തു കാട്ടുമുറന്തു പോന്നവനോടകന്നാൽ
ഉരുകുമല്ലീ നിനക്കുടനൽക്കരുന്ന വിരുന്നല്ലീപോ
ന്നൊളിവിലിലങ്കു പൂക്കതു പോരും നിൻതിറം നില്ക്കതെല്ലാം
ഒരു തുട നാങ്കൾ നിന്നുടലെട്ടി യൊക്കെനകർന്നിതംപെ
റ്റുള വിളയാട്ടു മാട്ടുവതെന്നു ചെന്നണയിന്ന നേരം
തിരിചട കണ്ടു കൊണ്ടു കിനാവു താനറിയിച്ച വാറേ
തിരിഞ്ഞകലും നിചാചരിമാരടങ്ങിയുറങ്കിനാരേ(നാലാം പടലം ഒന്നാം പാട്ട്.)

രാമചരിതത്തിലെ നൂറ്റിയറുപത്തിനാലു പടലങ്ങളിൽ ആദ്യത്തെ നാലുപടലത്തിലെ പാട്ടുകൾ വൃത്താധിഷ്ഠിതമായരീതിയിൽ എങ്ങനെവരുമെന്നാണ് ഇവിടെ സൂചിപ്പിച്ചത്. രാമചരിതത്തിലെ എല്ലാ പാട്ടുകളും ഇതുപോലെ വ്യക്തമായ ഈണവും താളവുമുള്ള സുദൃഢമായ മാത്രാ വ്യവസ്ഥകളോടു കൂടിയ സ്വതന്ത്രമലയാളവൃത്തങ്ങളിലാണ് ഉണ്ടാക്കിയിട്ടുള്ളത്. അതുകൊണ്ടുതന്നെ ഓരോവരിയിലും കൃത്യമായ മാത്രാവ്യവസ്ഥയും അക്ഷരവ്യവസ്ഥയും ഉണ്ടായിരിക്കുകയും ചെയ്യും. തന്മൂലം രാമചരിതത്തിന്റെ ശുദ്ധപാഠം തയാറാക്കേണ്ടത് ഓരോ പാട്ടിന്റെയും വൃത്തവും ഈണവും മനസ്സിലാക്കി ഓരോ വരിയിലും വരുന്ന മാത്രാവ്യവസ്ഥയും അക്ഷരവ്യവസ്ഥയും വ്യക്തമാകത്തക്കവണ്ണം ഈണത്തിനനുസരിച്ച് ചൊല്ലാൻപറ്റുന്ന രീതിയിലാകണം. ആ നിലയിലുള്ള വൃത്താധിഷ്ഠിതമായ ഒരു പാഠമാണ് ഇനി രാമചരിതത്തിനുണ്ടാകേണ്ടത്.

*(ഡോ. ആർ ഹരിശ്ചന്ദ്രൻ 8281141096)*